[Dr. Mrs. T. Francis]

Mr. President: Order, order it is time.

ഡാക്ടർ മിസ്സിസ് ടി. ഫ്റാൻസിസ്സ്: I want one minute more, Sir. പിന്നെ മറൊരു സംഗതി ഈ പറമ്പുകളൊക്കെ കൃഷിക്കാരുടെ കൈവശം കിട്ടിയപ്പോൾ ചതുപ്പുനിലങ്ങളായും വെള്ളക്കുഴികളായുമൊക്കെ കിടന്നിരുന്നതായിരുന്നു. അതൊക്കെ ഇവരുടെ പ്രയത്നംകൊണ്ട് ഉയത്തി തെ വെച്ചിട്ടുള്ള താണ്. അതിനൊക്കെ തേങ്ങാപാട്ടം കൊടുക്കണമെന്നില്ല. പക്ഷെ ജന്മികൾ ഇപ്പോൾ ആവക സ്ഥലങ്ങളിൽനിന്നും പാട്ടം പിരിക്കുന്നുണ്ട്. മിസ്റ്റർ മുണ്ടശ്ശേരി പറഞ്ഞതിൽ തേങ്ങാകൃഷിക്കാരും ഉൾപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. കൃഷിക്കാർ എന്നു പറയുമ്പോൾ നെൽകൃഷിക്കാരെ ഒഴിച്ച് മറെറല്ലാം വിട്ടുകളയുന്നു. അതു പാടില്ല. അതുകൊണ്ട് ഒരു സമത്വസുന്ദരമായ പരിതസ്ഥിതി കൃഷിക്കാരെ സംബന്ധിച്ചിടത്തോളമെങ്കിലും വേണം. ഇങ്ങനെയൊന്നും കൂടാതെ ആക്കും സ്വല്പമായ ഒരു പാട്ടം കൊടുത്തു് ജീവിക്കുവാനുള്ള ഒരു സൗകര്യം കിട്ടണം. ജന്മികൾക്ക് ശരിയായ പാട്ടം കിട്ടുന്നില്ലെന്നുള്ള വാദത്തിനും കൃഷിക്കാർക്ക് രക്ഷ കിട്ടുന്നില്ലെന്നുള്ള വാദത്തിനും പരിഹാരമുണ്ടാക്കത്തക്ക ഒരു നിയമം ആവശ്യമാണ്. ഈ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാനീ ഉപക്ഷേപം അവതരിപ്പിച്ചതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഈ കായ്ക്കുറിച്ച് തല്ക്കാലം കൂടുതലൊന്നും പറയുന്നില്ല. തൽക്കാലത്തേക്ക് തേങ്ങാപ്പാട്ടത്തെ സംബന്ധിച്ച് ആലോചിച്ചു വല്ല പരിഹാരവും ചെയ്യാൻ സാധിക്കുമെങ്കിൽ അതു ചെയ്യുന്നതാണ്.

ഡോക്ടർ മിസ്സിസ്സ് ടി. ഫ്റാൻസിസ്സ്: സർ, നാളികേരപാട്ടത്തെ സംബന്ധിച്ചു ഗാഢമായി ആലോചിച്ച് വേണ്ട തീരുമാനം വരുത്തുമെന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉറപ്പുതരികയാൽ ഞാൻ ഈ സഭയുടെ അനുവാദത്തോടുകൂടി ഈ Cut-motion പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn

Mr. President: The question is that Government be granted a sum of Rs. 5,65,901 under 1—Land Revenue.

Demand put and carried

(IV) 1. Land Revenue (Cranganur)

Mr. K. Ayyappan *(Minister for Works and Revenue):* Sir, I move that Government be a granted sum of Rs. 27,770 under 1—Land Revenue (Cranganore).

Demand put and carred

(V) 15—Registration

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I move for an allotment of Rs. 1,48.838 under 15. Registration,

CUT MOTION No. 1.

മിസ്റ്റർ കെ. കുഞ്ഞിരാമ മേനോൻ: To reduce the allotment of Rs. 1,48,838 for Registration (Total) in demand No. 15 by Re. 1.

(വ്യയലഘൂകരണം എന്ന സംഗതിയിൽ പൊതുജനസൌകര്യവും തഴക്കവും പഴക്കവും ഗണിക്കാതെ നൂറു കൊല്ലത്തോളം പഴക്കമുള്ള ചേലക്കര റജിസ്ട്രാപ്പീസ്സിന്റെ നിലനില്പിനെ മാറ്റുന്ന വ്യയലഘൂകരണ കമ്മിറ്റിയുടെ ശുപാർശ ശരിയല്ലെന്നു ഗവൺമെണ്ടിനെ ധരിപ്പിക്കുവാൻ) Sir, ഇതാണ് എന്റെ ഉപക്ഷേപം. ചേലക്കര റജിസ്ട്രാഫീസ്സ് സ്ഥലം മാറ്റരുതു് എന്നു പറഞ്ഞ് രണ്ടു് ഹർജികൾ പൊതുജനങ്ങളിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ സമർപ്പിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവു്. പൊതുജനസൌകര്യം നോക്കാതെ Retrenchment എന്ന ഒരു കായ്ം മാത്രം നോക്കി റജിസ്ട്രാഫീസ്സ് സ്ഥലം മാറ്റുന്നതുകൊണ്ട് പൊതുജനങ്ങൾക്കു വളരെ അസൌകര്യം നേരിടുന്നതാണ്. കൂടാതെ റജിസ്ട്രേഷൻ Superintendent ഈ ആഫീസ്സു് അവിടെ നിലനില്ക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കു് വളരെ ഉപകാരപ്രദമാണെന്നുകൂടി ഗവൺമെണ്ടിനെ ബോധിപ്പിച്ചിട്ടുണ്ടെന്നും അറിയുന്നുണ്ട്. എന്നാൽ നിയമങ്ങൾ ഒന്നും നോക്കാതേയും ജനങ്ങളുടെ സൌകര്യങ്ങൾ നോക്കാതേയുമാണ് Retrenchment കമ്മിറ്റി ഇപ്രകാരം ചെയ്തിട്ടുള്ളതു്. ഇങ്ങിനെ ചെയ്യുവാൻ തീരുമാനിക്കീട്ടുള്ള ഉദ്യോഗസ്ഥന്മാർ Geographical Condition ഒന്നും നോക്കാതേയും സ്ഥലത്തെപ്പറ്റി യാതൊരു വിവരവും ഇല്ലാതേയുമാണ് ഇപ്രകാരം ചെയ്തിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തുവന്നു് നോക്കുന്നതായാൽ ഇതിനെ സംബന്ധിച്ചു പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ട് എത്രത്തോളം ഉണ്ടെന്നു വിശദമായി മനസ്സിലാക്കാവുന്നതാണ്. ഇതു് ഏതാണ്ട് മദ്ധ്യപ്രദേശത്തായിട്ടാണ് സ്ഥാപ

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. ഇങ്ങിനെ മാറുന്നതായാൽ ആധാരങ്ങൾ റജിസ്റ്റ് ചെയ്യുന്നതിനും മറ്റും അഞ്ചും, ആറും നാഴിക വഴി നടന്നിട്ടുവേണം ജനങ്ങൾക്ക് അവിടെ എത്തുവാൻ. സ്ഥലം മാറുന്നതുകൊണ്ട് കായ്മായ ആദായം ഉണ്ടെന്നു തോന്നുന്നില്ല. അഥവാ ആദായം മാത്രമാണ് വേണ്ടതെന്നുണ്ടെങ്കിൽ മദ്ദവില വല്ലിപ്പിച്ച് അക്രമമായി മേടിക്കുന്നതാണ് ഇതിലും അധികം നല്ലതു്. പൊതുജനങ്ങളുടെ സൌകര്യവുംകൂടി നോക്കാതെ ഇങ്ങിനെ ചെയ്യുന്നതു് എത്രത്തോളം ആശാസ്യമായിരിക്കും എന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. ഈ രണ്ടു് ആഫീസ്സുകളും സർക്കാർ സ്ഥലത്താണു് ഇന്നു നിലനിന്നുവരുന്നതു്. മദ്ധ്യപ്രദേശത്താണെങ്കിൽ ഗവർമ്മെണ്ടിന് കെട്ടിടം പ്രത്യേകമായി ഉണ്ടാക്കണം. അതുകൊണ്ടു് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സ്ഥലം പരിശോധിച്ചല്ലാതെ Final order ആക്കരുതെന്നു് ഒരു അപേക്ഷയുണ്ടു്. ഇതു് ഒരാളുടേയൊ, രണ്ടാളുടേയൊ കായ്മല്ല. അനവധി ആളുകളെ ബാധിക്കുന്ന ഒരു കായ്മാണു്. അതുകൊണ്ടു് ഇതു് നിസ്സാരമായി തള്ളിക്കളയേണ്ടതായ ഒരു കായ്മല്ല എന്നു് ബഹുമാനപ്പെട്ട മന്ത്രിയേയും ഈ സഭയേയും ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ചേലാതി റാവുത്തർ: സർ, ഞാൻ ഈ ഉപക്ഷേപത്തെ വളരെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു. ഉദ്ദേശം നൂറുകൊല്ലക്കാലത്തോളം പഴക്കമുള്ളതാണു് ഈ ആഫീസ്സു്. അടുത്തു വന്ന Retrenchment കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണു് ഇതിനേയും പഴയന്നൂരിലെ ആപ്പീസ്സിനേയുംകൂട്ടി ചേർത്ത് ഒരു സെൻട്രലി സിറ്റുവേറ്റഡ് ആഫീസ്സു് ആക്കി മാറ്റണം എന്നു് ഉദ്ദേശിക്കുന്നതു്. അതിൽ ചേലക്കരയിലും പരിസരങ്ങളിലും ഉള്ള ജനങ്ങൾ കോടതിയിൽ ചേർന്നു് ഗവർമ്മെണ്ടിലേക്ക് ഒരു നിവേദനം ബോധിപ്പിച്ചിട്ടുണ്ടു്. അതിനു തക്കതായ അനുകൂല മറുപടിയും കിട്ടിയിട്ടില്ല. എന്നു മാത്രമല്ല കമ്മിറ്റിയുടെ റിപ്പോർട്ടുണ്ടെങ്കിലും അതിനെപ്പറ്റി പുനരാലോചനകൾ ചെയ്തു വീണ്ടും ഗവർമ്മെണ്ടിൽ നടപടികൾ നടത്താവുന്നതാണു്. ഉദ്ദേശം രണ്ടായിരത്തോളം ആധാരങ്ങൾ റജിസ്റ്റു് ചെയ്താൽ മാത്രമെ ഇതു നിലനിർത്തുവാൻ പാടുള്ളു എന്ന നിബന്ധനയിന്മേലാണു് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളതു്. എന്നാൽ നാലായിരവും അയ്യായിരവും ആധാരങ്ങൾ ഒരു കൊല്ലത്തിൽ റജിസ്റ്റു് ചെയ്യപ്പെട്ടിട്ടുള്ള ഒരു ആഫീസ്സാണു് ഇതു്. ഈ അടുത്ത കൊല്ലം ഉദ്ദേശം മൂവായിരത്തിനാനൂറു മുതൽ മൂവായിരത്തി തൊള്ളായിരംവരെ ആധാരങ്ങൾ റജിസ്റ്റാക്കീട്ടുള്ളതു കാണാം. ചേലക്കര ഇപ്പോൾ ഒരു വില്ലേജായിട്ടാണു് ഇവിടെ സ്ഥിതി ചെയ്യുന്നതെങ്കിലും ജനസംഖ്യകൊണ്ടു് നോക്കുന്നതായാൽ അടുത്തുതന്നെ ഒരു പട്ടണം ആകുവാനുള്ള സ്ഥിതി ചേലക്കരക്കുണ്ടു്. വ്യവസായപരമായും കാർഷികപരമായും മറ്റും അഭിവൃദ്ധിപ്പെട്ടുവരുന്ന ഈ ടെഴണിൽ ഇത്രയും കാലത്തെ പഴക്കമുള്ള റജിസ്റ്റാപ്പീസ്സു് ഇല്ലാതെ വരുന്നതുകൊണ്ടു് ബഹുജനങ്ങൾക്കു് വളരെ അസൌകര്യവും വ്യസനവും ഉണ്ടാകുവാൻ ഇടയുള്ളതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും ഈ ആഫീസ്സു് മാറുന്ന കായ്ത്തിൽ നടപടി എടുക്കാതിരിക്കുന്നതിനുവേണ്ടി അഭ്യർത്ഥിക്കുന്നു. അതുകൊണ്ടു് ഈ കായ്ത്തിൽ അനുകൂലമായ കല്പന പുറപ്പെടുവിക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. എസ്സ്. ബസ്സു: Sir, retrenchment വേണമെന്നുള്ള അഭിപ്രായത്തിൽ വിരുദ്ധമായി സംസാരിക്കുവാനല്ല ഞാൻ ഉദ്ദേശിക്കുന്നതു്. കൊച്ചി രാജ്യത്തു് ഏതാണ്ടു് ആറു വില്ലേജുകൾക്കുകൂടി ഒരു റജിസ്റ്റാപ്പീസ്സുവീതമാണുള്ളതെന്നു് നമുക്കു കാണുവാൻ സാധിക്കും. അതേ അവസരത്തിൽതന്നെ ഏതാണ്ടു് "ഇരുപതു്" വില്ലേജുകളോളം വരുന്ന ഈ സ്ഥലത്തു് രണ്ടു റജിസ്റ്റാപ്പീസ്സുകളുള്ളതു് ക്ലബ്ബ് ചെയ്യുവാൻ പോകുന്നു എന്നാണു് നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. മറ്റുസ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന വില്ലേജുകളിലെ റജിസ്റ്റാഫീസ്സുകളെ സംബന്ധിച്ചു നോക്കുമ്പോൾ ചേലക്കര–പഴയന്നൂർ അത്രത്തിയിൽപെട്ട വില്ലേജുകളെല്ലാം ഏതാണ്ടു് മറ്റു സ്ഥലങ്ങളിലെ രണ്ടു, മൂന്നു വില്ലേജുകളുടെ പരിധിയോളം വരും. പഴയന്നൂർ നിയോജകമണ്ഡലത്തിൽ ഒരു വില്ലേജ് ഇത്തരത്തിലായാൽ ഇരുപതു വില്ലേജുകൾ ഉൾപ്പെടുന്ന സ്ഥലത്തുള്ള രണ്ടു റജിസ്റ്റാപ്പീസ്സുകൾ ക്ലബ്ബ് ചെയ്യണം എന്നു പറയുന്നതു് ഒരിക്കലും ന്യായീകരിക്കുവാൻ പാടില്ലാത്തതാണു്. ഞാൻ ആദ്യം പറഞ്ഞതരത്തിൽ ആറു വില്ലേജുകൾക്കുകൂടി ഒരു റജിസ്റ്റാഫീസ്സു വീതം അനുവദിച്ചിട്ടുള്ള മറ്റു വ്യാപ്തി കുറഞ്ഞ സ്ഥലങ്ങളിലെ റജിസ്റ്റാഫീസ്സുകൾ തമ്മിൽ ക്ലബ്ബ് ചെയ്യുകയൊ retrenchment നടപ്പിൽ വരുത്തുന്നതാണു് ഉചിതമായിരിക്കുക. ഈ റജിസ്റ്റാഫീസ്സിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. S. Bandhu]

ന്നു ഠ കൊല്ലത്തോളം പഴക്കം ഉണ്ട്. ഇത്രയും പഴക്കംചെന്ന റജിസ്ട്രാഫീസ്സ് എടുത്തുകള യുകയെന്നുള്ളതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇതു ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്റെ ശുപാർശകളെ മാത്രം അടിസ്ഥാനപ്പെടുത്തി ചെയ്യുവാൻപോകുന്ന ഒരു ഏർപ്പാടാണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ കാര്യം ഒന്നുകൂടി പര്യാലോചനചെയ്തു് ഇതു് ക്ലബ്ബ്ചെയ്യാതിരിക്കണമെന്നുള്ള അഭിപ്രായത്തെ സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഇയ്യു : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ചേലക്കരയിൽകൂടിയും, പഴയന്നൂരിൽ കൂടിയും പോകുന്നതായ ലക്കടി റോഡ്എന്ന പഴയനിരത്തു ഈ വഴിയിൽകൂടി ചേലക്കരനിന്നു പഴയന്നൂക്കു പോകുകയാണെങ്കിൽ ഫർലോങ്ങ് കുന്നു് കയറിഇറങ്ങണം എന്ന ഒരു പ്രമാണം ഉണ്ടു്. എന്നാൽ റജിസ്ട്രാഫീസ്സു് ചേലക്കരയുടേയും പഴയന്നൂരിന്റേയും മദ്ധ്യത്തിലായാൽ സാധാരണ അവിടങ്ങളിൽ ഉള്ള ആളുകൾക്കു് ൻ ഫർലോങ്ങ് കുന്നുകയറി ഇറങ്ങിയാൽ മാത്രമെ ഈ റജിസ്ട്രാഫീസ്സിലേക്കു വരുവാൻ സാധിക്കുകയുള്ളു. പോരെങ്കിൽ ചേലക്കരയിൽ ആഫീസ്സിനുള്ള സ്ഥലം വാടകക്കുപോലും കിട്ടുവാനില്ല. തല്ക്കാലം അവിടെ ചുരുങ്ങിയ നിലയിൽ ഒരു ആഫീസ്സ് വേണമെങ്കിൽ പതിനായിരം രൂപയോളം ചിലവിടേണ്ടിവരും. അപ്പോൾ ലാഭത്തിനു് ഉദ്ദേശിക്കുന്ന ഗവ മെണ്ടു് ഈ retrenchment കൊണ്ടു നഷ്ടപ്പെടേണ്ടിവരും. കൂടാതെ ഈ സ്ഥലത്തിന്റെ Locality യും കൂടി പരിശോധിച്ചിട്ടുവേണം ഇതു തീരുമാനപ്പെടുത്തുവാൻ. ഇതിനെല്ലാറിനുംപുറമെ ഈ ആഫീസുകൾ അവിടെ നടന്നിരുന്നതുകൊണ്ടു് യാതൊരു വിധത്തിലും നഷ്ടത്തിനു് ഇടവന്നിട്ടില്ലെന്നു് Retrechment കമ്മിറ്റിയും സമ്മതിക്കുന്നതാണു്. അതുകൊണ്ടു് ഇതിൽ ഏതെങ്കിലും ഒന്നു abolish ചെയ്യേണ്ടതായ ആവശ്യമില്ലന്നാണു് എനിക്കു തോന്നുന്നതു. ആയതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി അവർകൾ സ്ഥലത്തുപോയി നോക്കി ഈ കാര്യത്തിൽ ഒരു പുനരാലോചന ചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ : സർ, ഇതിനെ സംബന്ധിച്ചു അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു മെമ്പർമാർ ഒരേ അടിസ്ഥാനത്തിന്മേലാണു് ഇവിടെ പ്രതിപാദിച്ചു കണ്ടതു്. അതിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് വ്യാപ്തികുറഞ്ഞ വില്ലേജുകളിലെ റജിസ്ട്രാഫീസുകൾ ക്ലബ്ബ് ചെയ്യുവാൻ വിരോധം ഇല്ലെന്നാണു്. എന്നാൽ രണ്ടു ആഫീസ്സുകൾ ഒന്നിച്ചാക്കിയാൽ ഒരു ആഫീസ്സിനു നിർവ്വഹിക്കാവുന്ന ജോലിമാത്രമെ ഉള്ളു എങ്കിൽ, അങ്ങിനെ ചെയ്യുന്നതിൽ യാതൊരുദോഷവുംവരാൻഇല്ലെന്നാണു് എനിക്കു പറയാനുള്ളതു്. ചേലക്കര റജിസ്ട്രാഫീസ്സിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ഫർലോങ്ങ്-ൽ ഫർലോങ്ങ്-ം പഴയന്നൂർ റജിസ്ട്രാഫീസ്സിൽ ന്നു ന്നും ആധാരങ്ങൾ മാത്രമാണു റജിസ്റ്റു് ആക്കീട്ടുള്ളതു്. വ്യാപ്തി കുറവുണ്ടെന്നുപറയുന്ന റജിസ്ട്രാഫീസ്സുകളിൽ മുവ്വായിരം മുതൽ നാലായിരംവരെ ആധാരങ്ങൾ റജിസ്റ്റു് ചെയ്തതായി കാണുന്നുണ്ടു്. അങ്ങിനെയുള്ള റജിസ്ട്രാഫീസ്സുകൾ തമ്മിൽ ക്ലബ്ബ് ചെയ്യുവാൻ നിർവ്വത്തിയില്ല. ഈ നിലക്കു് ചേലക്കര റജിസ്ട്രാഫീസ്സിൽ വരുന്നതുകൊണ്ടുള്ളവിഷമം ബഹുജനങ്ങൾക്കു ഒരുവിഷമമായി വരുന്നതല്ല. വ്യയലഘൂകരണം വേണം എന്നുസാമാന്യമായിട്ടു എല്ലാവരും വാദിക്കുന്നു. എന്നാൽ ഓരോ പ്രത്യേക വ്യയലഘൂകരണകാര്യം വരുമ്പോൾ ഓരോ കാരണത്താൽ അതിനെ എതിർക്കുന്നതു ശരിയായിരിക്കുകയില്ല. അതു ഏതായാലും ഈ കാര്യത്തിൽ ഉത്തരവായികഴിഞ്ഞു പുതിയകെട്ടിടം പണിയുന്നില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ തെറ്റിധരിക്കേണ്ട ആവശ്യമില്ല. വാടകസ്ഥലം കിട്ടുന്നില്ലെങ്കിൽ രണ്ടിലൊരു സ്ഥലത്തു റജിസ്ട്രാഫീസ് നടത്തും.

മിസ്റ്റർ സി. വി. ഇയ്യു : അങ്ങിനെയാണെങ്കിൽ ചേലക്കരയായിരിക്കും അധികം നല്ലതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിച്ചു വേണ്ടതുചെയ്യാം. ഏതോ ചിലമെമ്പർമാർ ഒരു സന്ദർഭത്തിൽ ഉദാഹരണമായി പറയുന്നതുകേട്ടു, കൊച്ചി പൊന്നാനി താലൂക്കിനോളം മാത്രമെ വലിപ്പമുള്ളഎന്നു്. പൊന്നാനിതാലൂക്കിൽ എത്ര റജിസ്റ്റു് ആഫീസ്സുകൾ ഉണ്ടെന്നു നോക്കണം. വാസ്തവത്തിൽ കൊച്ചിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, റജിസ്ട്രാഫീസ്സുകളും അതുപോലെയുള്ള മറ്റു ആഫീസ്സുകളും, റോഡുകളും, ആശുപത്രികളും അതുപോലെയുള്ള മറ്റു സൌകര്യങ്ങളും ഇൻഡ്യയിൽ ഒരു സ്ഥലത്തും ഇല്ലാത്തമാതിരി അ

LIBRARY ARCHIVES Kerala Legislative Assembly

ധികം വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഇതുകൊണ്ട് നമ്മുടെ ആവശ്യങ്ങൾ എല്ലാം തീർന്നു എന്നല്ല ഞാൻ പറയുന്നതു്. ഇതെല്ലാം നടത്തിക്കൊണ്ടുപോകുവാനുള്ള നമ്മുടെ കഴിവു കുറവാണു എന്നേ പറയുന്നുള്ളൂ. ഈ നിലയിൽ നമുക്കു് വ്യയലഘൂകരണം കൂടാതെ കഴിയുകയില്ല. അങ്ങിനെയുള്ള ഒരു വ്യയലഘൂകരണത്തിനു ഈ സഭാവമ്പെണ്ടിനെ സഹായിക്കണമെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്താണെന്നുവെച്ചാൽ ചിലവുചുരുക്കണം എന്നു് പറഞ്ഞുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പബ്ലിക്കു് ആഫിസ്സുകളും മാറുന്ന കാര്യത്തിൽ ജനങ്ങൾക്കു് എത്രകണ്ടു സൌകര്യങ്ങൾ ഉണ്ടായാലും വേണ്ടില്ല എന്നാണു്.

മിസ്റ്റർ കെ. അയ്യപ്പൻ : ഇതു് ഒരു self-maintaining ഉദ്ദേശിച്ചു ചെയ്യുന്നതല്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ : അവിടെ ആധാരങ്ങൾ രജിസ്ട്രാക്കുവാൻ വേണ്ടി അനവധി ആളുകൾക്കു വളരെ പ്രയാസം നേരിടുന്നതായിരിക്കും. അവിടെ രജിസ്ട്രാക്കുന്ന ആധാരങ്ങളുടെ കണക്കു പറഞ്ഞതു് statistics എടുത്തിട്ടു പറഞ്ഞതല്ല. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തുവന്നു ഒന്നന്വേഷിച്ചു വേണ്ടതു ചെയ്യുവാൻ ദയവുണ്ടാവുമോ?

മിസ്റ്റർ കെ. അയ്യപ്പൻ : അന്വേഷിക്കാം.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ : അപ്പോൾ അതുവരെക്കും ഈ order ഒന്നു നിട്ടിവെച്ചുകൂടെ?

മിസ്റ്റർ കെ. അയ്യപ്പൻ : അതും നോക്കാം.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വാക്കിനെ വിശ്വസിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Mr. President: The question is that Government be granted a sum of Rs. 1,48,838 under 15-Registration.

Demand put and carried

vi—16—Anchal

Mr. K. Ayyappan *(Minister for Works and Revenue)*: Sir, I move for an allotment of Rs. 2,33,696 under 16 Anchal.

CUT MOTION No. 1

മിസ്റ്റർ സി. വി. ഇയ്യു: "To reduce the allotment of Rs. 7,311 for anchal Registry Mail Service in demand no. 16 by Rs. 2.

(To point out to the Government the neccessity to change the time of the carrying of Anchal Mail by train, so that the Anchal Mail is carried by the first morning train leaving Ernakulam or Shornur, as the case may be and the weighment mail by the last night trains up and down)" സർ, ഇതാണു് എന്റെ ഉപക്ഷേപം. ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശം എറണാകുളത്തുനിന്നു മെയിൽ കെട്ടി അയക്കുന്നതിനുമുമ്പു തന്നെ ആഫിസ്സുകളിലെ ജോലിസമയം കഴിഞ്ഞു പോകുന്നതുകൊണ്ടു് വേണ്ടസമയത്തു മെയിൽ എത്തിക്കുവാൻ സാധിക്കാതെ വരുന്നുണ്ടു്. എറണാകുളത്തുനിന്നു് വരുന്ന മെയിൽ രണ്ടും മൂന്നും ദിവസം താമസിച്ചാണു് delivery കിട്ടുന്നതു്. എനിക്കതന്നെ delivery കിട്ടുന്നതു് താമസിച്ചാണു്. അവിടെയുള്ള ശിപായിമാർ എന്നെ അറിയുന്നതുകൊണ്ടു് മെയിൽ വന്നാൽ ഉടൻ ഒട്ടും താമസിയാതെ കൊണ്ടുവരുന്നതുകൊണ്ടു്. ഈ Budget തന്നെ കിട്ടിയതു് എനിക്കു് മൂന്നാംദിവസമാണു്. വില്ലേജുകളിൽ താമസിക്കുന്നവർക്കു് അവർ നിയമസഭാമെമ്പർമാർ ആയിരുന്നാലുംശരി, എഴുത്തുകിട്ടുവാൻ വലിയ വിഷമം നേരിടേണ്ടിവരും. തലേദിവസം പോസ്റ്റുചെയ്ത ഒരു എഴുത്തു് നമ്മുടെ രാജ്യത്തിന്റെ നാനാഭാഗത്തും പിറ്റെദിവസം കിട്ടത്തക്കവിധത്തിൽ വേണ്ട ഏർപ്പാടു ചെയ്യേണ്ടതാണു്. ഇതുകൊണ്ടുള്ള കൂടുതൽ സൌകര്യം കച്ചവടക്കാർക്കായിരിക്കും. അവർക്കു് പകൽസമയം വ്യാപാരമെല്ലാം കഴിഞ്ഞു് രാത്രി എഴുത്തു് എഴുതുവാനുംമറ്റും വളരെ സൌകര്യമായിരിക്കും. അതുകൊണ്ടു് അഞ്ചൽ മെയിൽ കഴിയുന്നതും വേഗത്തിൽ എല്ലാദിക്കുകളിലും കിട്ടത്തക്കവിധത്തിൽ ഏർപ്പാടുചെയ്യുന്നതിനുവേണ്ടിയാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്: ഇതു് ഈ സഭയുടെ സമ്മതത്തിനുവേണ്ടി സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട മെമ്പർക്കു് ഇപ്പോഴുള്ള അഞ്ചൽ മെയിലിന്റെ സമയം ഒന്നു മാറിക്കിട്ടണമെന്നല്ലാതെ ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly